തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

20 (*290)ശ്രീമതി ആർ. ലതാദേവി :
ശ്രീ. പി. രാജു :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് പട്ടയം വിതരണം ചെയ്യേണ്ടതായിട്ടുണ്ടെന്നും ഇവർക്ക് പട്ടയം നൽകുന്ന നടപടി എപ്പോൾ പൂർത്തിയാക്കുവാനാണുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) സംസ്ഥാനത്തെ കടലോര പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഫിഷറീസ് വകുപ്പിൽ നിന്നും അപേക്ഷകരുടെ അർഹത നിശ്ചയിച്ച് മറ്റു നിയമാനുസൃതമായ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കാലതാമസം കൂടാതെ പട്ടയം നൽകുന്നതാണ്. ഇങ്ങനെയുള്ള അപേക്ഷകൾ ഏകദേശം 3147-ഓളം വരുന്നുണ്ട്.

വൃദ്ധജന സംരക്ഷണത്തിന് നിയമനിർമ്മാണം

21 (*291)ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൃദ്ധജന സംരക്ഷണത്തിന് ഉപയുക്തമായ ഒരു നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ വൃദ്ധസദനങ്ങളുടെ പ്രവർത്തനങ്ങളെപ്പറ്റി പഠിക്കുന്നതിന് നിയോഗിച്ചിരുന്ന ഐ.എം.ജി യുടെ റിപ്പോർട്ട് സർക്കാരിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; റിപ്പോർട്ടിൻമേൽ ഇതുവരെ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുമോ;

(സി) ദേശീയ വൃദ്ധ ജനനയരൂപീകരണത്തിന് സഹായകരമായ ശുപാർശകൾ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കേന്ദ്രസർക്കാർ അംഗീകരിച്ച വൃദ്ധനയം സംസ്ഥാനത്തും നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. എന്നാൽ ഒരു പ്രത്യേക നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ച് പഠിച്ച് പോരായ്മകൾ ദൂരീകരിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനായി ഐ.എം.ജി.യെ ചുമതലപ്പെടുത്തിയിരുന്നു. 22-12-99 ൽ സമർപ്പിച്ച കരട് റിപ്പോർട്ട് പരിശോധനയിലായതിനാൽ കോപ്പി ലഭ്യമാക്കാൻ നിർവ്വാഹമില്ല.

(സി) ഉണ്ട്. വൃദ്ധജനങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ ആരോഗ്യപ്രശ്നങ്ങൾ, കുടുംബ ബന്ധങ്ങൾ ശക്തമാക്കുന്നതിന് ആവശ്യമായ നടപടികൾ എന്നിവയെ സംബന്ധിച്ചും മറ്റും അഭിപ്രായങ്ങൾ ദേശീയ വൃദ്ധജനനയരൂപീകരണത്തിന് നൽകിയിട്ടുണ്ട്.

സെറിഫെഡ് പദ്ധതി

22 (*292)ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾബറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഏക്കറിൽ മൾബറിക്കൃഷി നടത്തിയിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഏക്കറിൽ മൾബറിക്കൃഷി നടത്തുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് ഇപ്പോൾ മൾബറി കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർ എത്ര എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) സംസ്ഥാനത്തെ മൾബറി കൃഷിക്കാരെ പട്ടുനൂൽപ്പുഴു വളർത്തുന്നതിനും, കൊക്കൂൺ ഉൽപ്പാദിപ്പിക്കുന്നതിനും പ്രാപ്തരാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതിനായി സെറിഫെഡിലൂടെ എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എന്തൊക്കെ ആനുകൂല്യങ്ങൾ കർഷകർക്ക് നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് പ്രൈമറി സെറികൾച്ചർ സൊസൈറ്റികൾ നിലവിലുണ്ടോ എന്ന് വിശദമാക്കുമോ; എങ്കിൽ എത്ര;

LIBRARY ARCHIVES Kerala Legislative Assembly